# Std. 6 - Chapter 3 - Revision - Main points

## പാഠം 3 : പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | ഈശോ പരസ്യജീവിതം ആരംഭിക്കുന്നതിനു മുമ്പ് എവിടെ എത്ര ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു? | മരുഭൂമിയിൽ നാല്പതു ദിവസം ഉപവസിച്ച് പ്രാർത്ഥിച്ചു. |
| 2 | മരുഭൂമിയിൽ ഈശോയെ പ്രലോഭിപ്പിച്ചത് ആര്? | പിശാചാണ് ഈശോയെ പ്രലോഭിപ്പിച്ചത്. |
| 3 | ആദ്യത്തെ പ്രലോഭനം എന്തായിരുന്നു? | "നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക" എന്നതായിരുന്നു ആദ്യത്തെ പ്രലോഭനം. (മത്തായി 4:3) |
| 4 | ആദ്യത്തെ പ്രലോഭനത്തിന് ഈശോ നൽകിയ മറുപടി എന്തായിരുന്നു? | "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്" എന്ന് ഈശോ മറുപടി നൽകി. |
| 5 | **1. കല്ലിനെ അപ്പമാക്കി വിശപ്പടക്കാൻ പ്രേരിപ്പിച്ച പ്രലോഭകനെ ഈശോ ഏതു ദൈവവചനം ഉപയോഗിച്ചാണ് പരാജയപ്പെടുത്തിയത്?** | "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്" എന്ന ദൈവവചനം ഉപയോഗിച്ചാണ് ഈശോ പിശാചിനെ പരാജയപ്പെടുത്തിയത്. (മത്തായി 4:4) |
| 6 | ആദ്യത്തെ പ്രലോഭനത്തിലൂടെ പിശാച് ഈശോയെ എന്തിന് പ്രേരിപ്പിക്കുകയായിരുന്നു? | തന്റെ ദൈവികശക്തി സ്വന്തം സുഖത്തിനായി ഉപയോഗിക്കാനും വിശപ്പിന്റെ പ്രേരണയ്ക്ക് വഴങ്ങാനും പിശാച് ഈശോയെ പ്രേരിപ്പിക്കുകയായിരുന്നു. |
| 7 | രണ്ടാമത്തെ പ്രലോഭനം എവിടെയാണ് നടന്നത്? | വിശുദ്ധ നഗരമായ ജറുസലേമിൽ ദൈവാലയത്തിന്റെ അഗ്രത്തിൽ നിർത്തിയാണ് പിശാച് രണ്ടാമത്തെ പ്രലോഭനം നൽകിയത്. |
| 8 | രണ്ടാമത്തെ പ്രലോഭനത്തിൽ പിശാച് ഈശോയോട് എന്താണ് ആവശ്യപ്പെട്ടത്? | ദൈവാലയത്തിന്റെ അഗ്രത്തിൽനിന്ന് താഴേക്ക് ചാടാനാണ് പിശാച് ഈശോയോട് ആവശ്യപ്പെട്ടത്. |
| 9 | രണ്ടാമത്തെ പ്രലോഭനത്തെ ന്യായീകരിക്കാൻ പിശാച് ഉപയോഗിച്ച വചനം ഏതാണ്? | ഈശോയുടെ കാലുകൾ കല്ലിൽ തട്ടാതിരിക്കാൻ ദൈവം ദൂതന്മാരോട് കല്പിക്കുമെന്നും അവർ അവനെ കൈകളിൽ താങ്ങിക്കൊള്ളുമെന്നും പറയുന്ന തിരുവചനം പിശാച് ഉദ്ധരിച്ചു. (സങ്കീർത്തനം 91:11..12) |
| 10 | രണ്ടാമത്തെ പ്രലോഭനത്തിന് ഈശോ നൽകിയ മറുപടി എന്തായിരുന്നു? | "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്" എന്ന് ഈശോ മറുപടി നൽകി. (മത്തായി 4:7) |
| 11 | രണ്ടാമത്തെ പ്രലോഭനത്തിലൂടെ പിശാച് എന്താണ് ലക്ഷ്യമിട്ടത്? | ദൈവത്തെ പരീക്ഷിച്ച് തന്റെ മഹത്വവും ദൈവികശക്തിയും പ്രകടിപ്പിക്കാൻ ഈശോയെ പ്രേരിപ്പിക്കുകയായിരുന്നു പിശാചിന്റെ ലക്ഷ്യം. |
| 12 | മൂന്നാമത്തെ പ്രലോഭനത്തിൽ പിശാച് ഈശോയ്ക്ക് എന്താണ് വാഗ്ദാനം ചെയ്തത്? | ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്വവും കാണിച്ചുകൊണ്ട്, സാഷ്ടാംഗം പ്രണമിച്ച് തന്നെ ആരാധിച്ചാൽ അവയെല്ലാം നൽകാമെന്ന് പിശാച് വാഗ്ദാനം ചെയ്തു. |
| 13 | മൂന്നാമത്തെ പ്രലോഭനത്തിന് ഈശോ നൽകിയ മറുപടി എന്തായിരുന്നു? | "സാത്താനേ, ദൂരെപ്പോവുക! നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവനെ മാത്രമേ പൂജിക്കാവൂ" എന്ന് ഈശോ പറഞ്ഞു. (മത്തായി 4:10) |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 14 | പിശാച് ഈശോയെ ഏതു കാര്യങ്ങൾക്കുവേണ്ടിയാണ് പ്രലോഭിപ്പിച്ചത്? | സുഖലോലുപത, അധികാരം, സമ്പത്ത് എന്നിവയ്ക്കുവേണ്ടിയാണ് പിശാച് ഈശോയെ പ്രലോഭിപ്പിച്ചത്. |
| 15 | ഈശോ പ്രലോഭനങ്ങളെ എങ്ങനെ അതിജീവിച്ചു? | ദൈവവചനത്തിൽ ഉറച്ചുനിന്നും പിതാവിന്റെ ഹിതം നിറവേറ്റിയും ദൈവത്തെ മാത്രം ആരാധിച്ചും ഈശോ എല്ലാ പ്രലോഭനങ്ങളെയും അതിജീവിച്ചു. |
| 16 | **2. പ്രലോഭകനായ പിശാചിനെ തോൽപ്പിക്കാൻ ഈശോയ്ക്ക് സാധിച്ചതെന്തുകൊണ്ട്?** | ഉപവാസവും പ്രാർത്ഥനയും വഴി ആത്മബലം നേടിയതിനാലും ദൈവവചനത്തിൽ ഉറച്ചുനിന്നതിനാലും പിതാവിന്റെ ഹിതം നിറവേറ്റിയതിനാലുമാണ് ഈശോയ്ക്ക് പിശാചിനെ തോൽപ്പിക്കാൻ സാധിച്ചത്. |
| 17 | നാം എന്തിനാണ് പ്രലോഭനങ്ങളെ അതിജീവിക്കേണ്ടത്? | പാപത്തിൽ വീഴാതെ വിശുദ്ധമായ ക്രൈസ്തവജീവിതം നയിക്കാനും ദൈവഹിതം നിറവേറ്റാനും നാം പ്രലോഭനങ്ങളെ അതിജീവിക്കണം. |
| 18 | പിശാച് മനുഷ്യരെ എങ്ങനെ പ്രലോഭിപ്പിക്കുന്നു? | സുഖലോലുപത, അധികാരം, സമ്പത്ത് തുടങ്ങിയവയോടുള്ള അമിതമായ ആഗ്രഹങ്ങൾ ഉണർത്തിയും വിവിധ സാഹചര്യങ്ങളിലൂടെ പാപത്തിലേക്ക് നയിച്ചുമാണ് പിശാച് മനുഷ്യരെ പ്രലോഭിപ്പിക്കുന്നത്. |
| 19 | വിശുദ്ധ പത്രോസ് ശ്ലീഹാ പിശാചിനെക്കുറിച്ച് എന്താണ് മുന്നറിയിപ്പ് നൽകുന്നത്? | “നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണം എന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റിനടക്കുന്നു” എന്ന് വിശുദ്ധ പത്രോസ് മുന്നറിയിപ്പ് നൽകുന്നു. (1 പത്രോസ് 5:8) |
| 20 | പ്രലോഭനങ്ങളെ അതിജീവിക്കാൻ നമ്മെ ശക്തരാക്കുന്നത് എന്താണ്? | ദൈവവചനമാണ് പ്രലോഭനങ്ങളെ അതിജീവിക്കാൻ നമ്മെ ശക്തരാക്കുന്നത്. |
| 21 | സങ്കീർത്തകൻ ദൈവവചനത്തെക്കുറിച്ച് എന്താണ് പറയുന്നത്? | “അങ്ങേയ്ക്കെതിരേ പാപം ചെയ്യാതിരിക്കാൻ ഞാൻ അങ്ങയുടെ വചനം എന്റെ ഹൃദയത്തിൽ സൂക്ഷിക്കുന്നു” എന്ന് സങ്കീർത്തകൻ പറയുന്നു. (സങ്കീർത്തനം 119:11) |
| 22 | ദൈവവചനം നമ്മുടെ ജീവിതത്തിൽ എന്ത് ചെയ്യുന്നു? | ദൈവവചനം നമ്മെ പാപത്തിന്റെ വഴികളിൽനിന്ന് അകറ്റുകയും വിശുദ്ധീകരിക്കുകയും ശരിയായ ജീവിതത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. |
| 23 | ദൈവവചനത്തെ സങ്കീർത്തകൻ എന്തിനോടാണ് ഉപമിക്കുന്നത്? | “അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും എന്റെ പാതയിൽ പ്രകാശവുമാകുന്നു” എന്ന് സങ്കീർത്തകൻ പറയുന്നു. (സങ്കീർത്തനം 119:105) |
| 24 | ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുന്ന വ്യക്തി എങ്ങനെയുള്ളവനാണ്? | ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവൻ പാറപ്പുറത്ത് വീട് പണിത വിവേകിയായ മനുഷ്യനെപ്പോലെയാണ്. |
| 25 | പ്രലോഭനങ്ങളെ അതിജീവിക്കാൻ ഉപവാസവും ഉപവാസവും പ്രാർത്ഥനയും എങ്ങനെ സഹായിക്കുന്നു? | ഉപവാസവും പ്രാർത്ഥനയും ആത്മബലം വർധിപ്പിക്കുകയും ദൈവത്തോട് കൂടുതൽ അടുക്കാനും പ്രലോഭനങ്ങളെ ചെറുത്തുനിൽക്കാനും നമ്മെ സഹായിക്കുകയും ചെയ്യുന്നു. |
| 26 | **3. സീറോ മലബാർ സഭയിൽ ഇപ്പോൾ നിലവിലുള്ള നോമ്പുകൾ ഏതെല്ലാം?** | വലിയനോമ്പ്, ഇരുപത്തഞ്ച് നോമ്പ്, പതിനഞ്ച് നോമ്പ്, മൂന്ന് നോമ്പ്, എട്ട് നോമ്പ് തുടങ്ങിയവയാണ് പ്രധാനമായി നിലവിലുള്ള നോമ്പുകൾ. |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 27 | **നിലവിലുള്ള നോമ്പുകൾ ഒന്ന് വിശദീകരിക്കുക** | |
| | 1. വലിയനോമ്പ് | ഈശോയുടെ ഉയിർപ്പുതിരുനാളിനൊരുക്കമായി ആചരിക്കുന്നത്. |
| | 2. ഇരുപത്തഞ്ച് നോമ്പ് | ഈശോയുടെ ജനനതിരുനാളിനൊരുക്കമായി ആചരിക്കുന്നത്. |
| | 3. പതിനഞ്ച് നോമ്പ് | പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാളിനൊരുക്കമായി ആചരിക്കുന്നത്. |
| | 4. എട്ട് നോമ്പ് | പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനൊരുക്കമായി ആചരിക്കുന്നത്. |
| | 5. മൂന്ന് നോമ്പ് | ഈശോയുടെ പീഡാനുഭവത്തെയും മരണത്തെയും അനുസ്മരിച്ച് ആചരിക്കുന്ന മൂന്ന് ദിവസത്തെ നോമ്പാണ്. യോനായുടെ പ്രസംഗം കേട്ട് നിനവേക്കാർ പാപങ്ങളിൽനിന്ന് മാനസാന്തരപ്പെട്ട് നോമ്പെടുത്തതുപോലെ നോമ്പും പ്രാർത്ഥനയും വഴി പാപത്തിൽനിന്ന് തിരിഞ്ഞ് മാനസാന്തരപ്പെടുക എന്നതാണ് പ്രധാന സന്ദേശം. |
| 28 | നോമ്പിന്റെ യഥാർത്ഥ ലക്ഷ്യം എന്താണ്? | വെറും ഭക്ഷണത്യാഗമല്ല നോമ്പിന്റെ ലക്ഷ്യം; അതിനുപരി ക്രൈസ്തവജീവിതത്തെ മെച്ചപ്പെടുത്തുകയും ആത്മബലം നേടുകയും ചെയ്യുകയാണ് നോമ്പിന്റെ ലക്ഷ്യം. |
| 29 | ഉപവാസം എന്ന വാക്കിന്റെ അർത്ഥമെന്താണ്? | "കൂടെ വസിക്കുക" എന്നതാണ് ഉപവാസം എന്ന വാക്കിന്റെ അർത്ഥം. |
| 30 | ഉപവാസദിവസങ്ങളിൽ സഭ നിർദേശിക്കുന്ന ഭക്ഷണക്രമം എന്താണ്? | ഉപവാസദിവസങ്ങളിൽ ഒരു നേരം മാത്രമേ പൂർണാഹാരം കഴിക്കാവൂ. |
| 31 | ഉപവാസം, പ്രാർത്ഥന, ദൈവവചനം എന്നിവയോടൊപ്പം നാം എന്ത് പ്രവർത്തികൾ ചെയ്യണം? | ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെടണം; ദരിദ്രരെ സഹായിക്കണം, ദുഃഖിതരെ ആശ്വസിപ്പിക്കണം, രോഗികളെ ശുശ്രൂഷിക്കണം, അനാഥരെ സംരക്ഷിക്കണം തുടങ്ങിയ സത്പ്രവർത്തികൾ ചെയ്യണം. |
| 32 | കുട്ടികൾക്ക് ചെയ്യാവുന്ന സത്പ്രവർത്തനങ്ങൾ ഏതെല്ലാം? | രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുക, ചെറിയ ത്യാഗപ്രവർത്തനങ്ങളിലൂടെ പണം സമ്പാദിച്ച് പാവങ്ങളെ സഹായിക്കുക, മാതാപിതാക്കളെ ദാനധർമ്മത്തിന് പ്രേരിപ്പിക്കുക തുടങ്ങിയവ കുട്ടികൾക്ക് ചെയ്യാം. |
| 33 | **5. എന്നുമുതലാണ് നോമ്പുകാലം ആരംഭിക്കുന്നത്?** | ഉയിർപ്പുതിരുനാളിന് ഏഴാഴ്ച മുമ്പ് ആരംഭിക്കുന്ന വലിയനോമ്പിന്റെ ആദ്യ ഞായറാഴ്ചയായ പേതൂർത്താ ദിവസം സന്ധ്യ മുതൽ നോമ്പുകാലം ആരംഭിക്കുന്നു. |
| 34 | സീറോ മലബാർ സഭയുടെ ആരാധനാക്രമവത്സരത്തിലെ നാലാമത്തെ കാലം ഏതാണ്? | നോമ്പുകാലമാണ് ആരാധനാക്രമവത്സരത്തിലെ നാലാമത്തെ കാലം. |
| 35 | നോമ്പുകാലം ആരുടെ ഉപവാസത്തെയും പ്രാർത്ഥനയെയും അനുസ്മരിച്ചാണ് ആരംഭിക്കുന്നത്? | മരുഭൂമിയിൽ ഈശോ നടത്തിയ ഉപവാസത്തെയും പ്രാർത്ഥനയെയും അനുസ്മരിച്ചാണ് നോമ്പുകാലം ആരംഭിക്കുന്നത്. |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 36 | **4. നോമ്പുകാലം നമുക്ക് നൽകുന്ന ആഹ്വാനം എന്താണ്?** | **നമ്മുടെ പാപങ്ങളെ ഓർത്ത് അനുതപിക്കാനും അവയ്ക്ക് പരിഹാരം അനുഷ്ഠിക്കാനും ഈശോയിൽ നവീകരിക്കപ്പെട്ട ഒരു പുതുജീവിതം നയിക്കാനും നോമ്പുകാലം നമ്മെ ആഹ്വാനം ചെയ്യുന്നു.** |
| 37 | നോമ്പാരംഭത്തിൽ നടത്തുന്ന പ്രത്യേക ശുശ്രൂഷ ഏതാണ്? | **നോമ്പാരംഭത്തിൽ ആഘോഷപൂർവമായ അനുതാപശുശ്രൂഷ അഥവാ വിഭൂതി ആചരണം നടത്തുന്നു.** |
| 38 | നോമ്പുകാലത്ത് നാം കൂടുതൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏതെല്ലാം? | **ദൈവവചന വായന, വചനാധിഷ്ഠിത ജീവിതം, പ്രാർത്ഥന, ഉപവാസം, അനുതാപം, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവയിൽ കൂടുതൽ ശ്രദ്ധിക്കണം.** |
| 39 | മാർത്തോമ്മാ ക്രിസ്ത്യാനികളുടെ നോമ്പനുഷ്ഠാനത്തെക്കുറിച്ച് പാശ്ചാത്യ മിഷനറിമാർ എന്താണ് പറഞ്ഞിരുന്നത്? | മാർത്തോമ്മാ നസ്രാണികൾ നോമ്പിന്റെ സ്നേഹിതരാണെന്ന് പാശ്ചാത്യ മിഷനറിമാർ വിശേഷിപ്പിച്ചിരുന്നു. |
| 40 | പഴയകാലത്ത് മാർത്തോമ്മാ നസ്രാണികൾ നോമ്പുദിവസങ്ങളിൽ ഒഴിവാക്കിയിരുന്ന ഭക്ഷണങ്ങൾ ഏതെല്ലാം? | മാംസം, മത്സ്യം, മുട്ട, പാൽ, പാലിൽനിന്നുള്ള ഉത്പന്നങ്ങൾ എന്നിവ അവർ നോമ്പുദിവസങ്ങളിൽ ഉപയോഗിച്ചിരുന്നില്ല. |
| 41 | നോമ്പിന്റെയും ഉപവാസത്തിന്റെയും ലക്ഷ്യം വെറും ഭക്ഷണത്യാഗം മാത്രമാണോ? | അല്ല. വെറും ഭക്ഷണത്യാഗം മാത്രമല്ല നോമ്പിന്റെ ലക്ഷ്യം. ക്രൈസ്തവജീവിതത്തെ മെച്ചപ്പെടുത്തുകയും ആത്മബലം നേടുകയും ചെയ്യുക എന്നതാണ് നോമ്പിന്റെ പ്രധാന ലക്ഷ്യം . |
| 42 | നോമ്പും ഉപവാസവും പ്രാർത്ഥനയും നമ്മെ എന്തിലേക്ക് നയിക്കണം? | **നോമ്പും ഉപവാസവും പ്രാർത്ഥനയും നമ്മെ ജീവകാരുണ്യ പ്രവർത്തനങ്ങളിലേക്ക് നയിക്കണം.** |
| 43 | നോമ്പും ഉപവാസവും വഴി മിച്ചം വയ്ക്കുന്ന സമ്പത്ത് എന്തിനായി ഉപയോഗിക്കണം? | **മിച്ചം വയ്ക്കുന്ന സമ്പത്ത് ദരിദ്രരുമായി പങ്കുവയ്ക്കാൻ ഉപയോഗിക്കണം.** |
| 44 | പരസ്നേഹപ്രവർത്തനങ്ങളിലൂടെ നാം എന്താണ് ചെയ്യേണ്ടത്? | **പരസ്നേഹപ്രവർത്തനങ്ങളിലൂടെ നമ്മുടെ ജീവിതത്തെ ധന്യമാക്കുകയും മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കുകയും വേണം.** |
| 45 | നോമ്പുകാലത്തിന്റെ അവസാന ആഴ്ചയെ എന്താണ് വിളിക്കുന്നത്? | **നോമ്പുകാലത്തിന്റെ അവസാന ആഴ്ചയെ വിശുദ്ധവാരം അഥവാ വലിയ ആഴ്ച എന്നു വിളിക്കുന്നു.** |
| 46 | **വിശുദ്ധവാരത്തിലെ ആചാരങ്ങൾ ഒന്ന് വിശദീകരിക്കുക.** | |
| | **നോമ്പിന്റെ അവസാനത്തെ ആഴ്ച നാം വിശുദ്ധവാരമായി (വലിയ ആഴ്ച) ആചരിക്കുന്നു. ജറുസലേം പട്ടണത്തിലേയ്ക്കുള്ള ഈശോയുടെ ആഘോഷപൂർവമായ പ്രവേശനത്തെ അനുസ്മരിക്കുന്ന ഓശാന ഞായർ മുതൽ ഈശോയുടെ പീഡാനുഭവരഹസ്യങ്ങൾ കൂടുതലായി ധ്യാനിക്കുവാൻ ആരംഭിക്കുന്നു. പെസഹാവ്യാഴാഴ്ച വിശുദ്ധ കുർബാനയുടെയും പൗരോഹിത്യത്തിന്റെയും സ്ഥാപനം അനുസ്മരിക്കുന്നു. അന്നേ ദിവസം വൈകുന്നേരം ഈശോയുടെ പെസഹാഭക്ഷണത്തെ അനുസ്മരിച്ചുകൊണ്ട് വീടുകളിൽ അപ്പം മുറിക്കൽ ശുശ്രൂഷ നടത്തുന്നു. ദുഃഖവെള്ളിയാഴ്ച ഈശോയുടെ പീഡാനുഭവവും കുരിശുമരണവും സംസ്ക്കാരവും നാം അനുസ്മരിക്കുന്നു. ഞായറാഴ്ച ഈശോയുടെ ഉയിർപ്പും.** | |